**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5703** **08-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; സമിതിയുടെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (എ) | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ (ഭാഗം VII), പെൻഷൻ പ്രായം ഉയർത്തണമെന്നതുൾപ്പെടെയുള്ള വിവിധ ശുപാർശകൾ പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി- ധനകാര്യ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി- പൊതുഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി - ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് എന്നിവർ അംഗങ്ങളുമായി 21.10.2021-ലെ സ.ഉ (സാധാ) നം. 6820/2021/ ധന. ഉത്തരവ് പ്രകാരം ഒരു സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## <u>സംഗ്രഹം</u>

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച ശിപാർശകൾ പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സെക്രട്ടറിതല സമതി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ. ഉ. (സാധാ) നം. 6820/2021/ധന.** **തീയതി, തിരുവനന്തപുരം, 21/10/2021.**

---

## <u>ഉത്തരവ്</u>

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെ പറയുന്നവർ ഉൾപ്പെട്ട സെക്രട്ടറിതല സമതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ചീഫ് സെക്രട്ടറി – ചെയർമാൻ
2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്

സമിതി എത്രയുംവേഗം സർക്കാരിന് ഈ വിഷയത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. സമിതിക്ക് ആവശ്യമായ man power support ധനകാര്യ ( എ.ആർ.സി.) വകുപ്പ് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്,**

**അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

1. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്,
2. അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്,
3. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്,
4. പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്
5. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
7. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി,
8. ധനകാര്യ ( എ.ആർ.സി.) വകുപ്പ്,
9. നോഡൽ ഓഫീസർ, www finance.kerala.gov.in,
10. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ ( 1858081 ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ